പതിനാറാം കേരള നിയമസഭ

ബിൽ നമ്പർ 3

# 2026-ലെ കേരള വയോജന ക്ഷേമവും സമഗ്ര വികാസവും ബിൽ

(ശ്രീ. കെ. കെ. വത്സരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരള നിയമസഭ
ബിൽ നമ്പർ 3

# 2026-ലെ കേരള വയോജന ക്ഷേമവും സമഗ്ര വികാസവും ബിൽ

(ശ്രീ. കെ. കെ. വത്സരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനാറാം കേരള നിയമസഭ

ബിൽ നമ്പർ -3

# 2026-ലെ കേരള വയോജന ക്ഷേമവും സമഗ്ര വികാസവും ബിൽ

(ശ്രീ. കെ. കെ. വത്സരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

## കേരള സംസ്ഥാനത്തെ വയോജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും, അവർക്ക് ആനന്ദകരമായ വിദ്യാഭ്യാസ-വിനോദ സാഹചര്യങ്ങളും ലഘു തൊഴിലധിഷ്ഠിത വരുമാന മാർഗ്ഗങ്ങളും ഒരുക്കുന്നതിനുമുള്ള പ്രത്യേക ബിൽ

പീഠിക.—കേരളത്തിൽ പ്രായമായവരുടെ ജനസംഖ്യ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഒറ്റപ്പെടലുകളിൽ നിന്നും മാനസിക സംഘർഷങ്ങളിൽ നിന്നും അവർക്ക് മോചനം നൽകുന്നതിനുമായി വയോജന വിദ്യാലയങ്ങളും വിനോദ പരിപാടികളും ആവിഷ്കരിക്കുന്നതിനും; വലിയ ശാരീരിക അധ്വാനമില്ലാത്ത ലഘു കൈത്തൊഴിലുകൾ വഴി അവർക്ക് സ്വയംപര്യാപ്തതയും വരുമാനവും ഉറപ്പാക്കുന്നതിനും ഒരു സമഗ്ര നിയമം നിർമ്മിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം വർഷത്തിൽ കേരള സംസ്ഥാന നിയമസഭ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(a) ഈ ആക്റ്റിന് 2026-ലെ കേരള വയോജന ക്ഷേമവും സമഗ്ര വികാസവും ആക്റ്റ് എന്ന് പേര് പറയാം.

(b) ഇതിന് കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(c) ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് വിരുദ്ധമായി മറ്റെന്തെങ്കിലും പറഞ്ഞിട്ടില്ലാത്തപക്ഷം,—

(എ) 'വയോജനം' (Senior Citizen) എന്നാൽ 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നു;

(ബി) 'വയോജന വിദ്യാലയം' (Senior Citizen School) എന്നാൽ വയോജനങ്ങൾക്കായി ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ഥാപിക്കുന്ന പരീക്ഷണാത്മക പഠന-വിനോദ കേന്ദ്രങ്ങൾ എന്നർത്ഥമാകുന്നു;

(സി) 'ലഘു കൈത്തൊഴിൽ പദ്ധതി' (Micro Handicrafts Initiative) എന്നാൽ ശാരീരിക അധ്വാനം കുറഞ്ഞതും വയോജനങ്ങൾക്ക് അനുയോജ്യവുമായ വരുമാനദായക പ്രവർത്തനങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) 'സർക്കാർ' എന്നാൽ കേരള സംസ്ഥാന സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) 'തദ്ദേശ സ്വയംഭരണ സ്ഥാപനം' എന്നാൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

വയോജന വിദ്യാലയങ്ങളും ആനന്ദദായക പരിപാടികളും

3. <u>വയോജന വിദ്യാലയങ്ങളുടെ സ്ഥാപനം.</u>—(a) സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ വാർഡുകളിലും അല്ലെങ്കിൽ ക്ലസ്റ്റർ അടിസ്ഥാനത്തിലോ വയോജനങ്ങൾക്കായി പ്രത്യേക 'വയോജന വിദ്യാലയങ്ങൾ' സ്ഥാപിക്കേണ്ടതാണ്.

(b) കുട്ടികൾ സ്കൂളുകളിൽ പോകുന്നതുപോലെ വയോജനങ്ങൾക്ക് പകൽസമയങ്ങളിൽ ഒത്തുചേരാനും അറിവുകൾ പങ്കുവെക്കാനും പുതിയ വിദ്യകൾ (ഡിജിറ്റൽ സാക്ഷരത, ആരോഗ്യ സംരക്ഷണം ഉൾപ്പെടെ) അഭ്യസിക്കാനും ഈ വിദ്യാലയങ്ങളിൽ സൗകര്യമൊരുക്കേണ്ടതാണ്.

(c) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഈ വിദ്യാലയങ്ങളിലേക്ക് വയോജനങ്ങൾക്ക് എത്തിച്ചേരുന്നതിനായി പ്രത്യേക യാത്രാ സൗകര്യമോ അല്ലെങ്കിൽ യാത്രാ ആനുകൂല്യമോ നൽകേണ്ടതാണ്.

4. <u>മാനസിക ഉല്ലാസവും സംതൃപ്തിയും നൽകുന്ന പരിപാടികൾ.</u>—(a) വയോജന വിദ്യാലയങ്ങളിലും പകൽവീടുകളിലും അവരുടെ മാനസിക സന്തോഷത്തിനായി സംഗീതം, ലഘു വ്യായാമങ്ങൾ, യോഗ, കഥപറച്ചിൽ, ഗ്രൂപ്പ് ചർച്ചകൾ എന്നിവ ദിവസേന സംഘടിപ്പിക്കേണ്ടതാണ്.

(b) വർഷത്തിലൊരിക്കൽ വയോജനങ്ങൾക്കായി സംസ്ഥാന/ജില്ലാ തലങ്ങളിൽ കലോത്സവങ്ങളും കായികമേളകളും ഉല്ലാസയാത്രകളും സർക്കാർ മുൻകൈ എടുത്ത് നടത്തേണ്ടതാണ്.

## അദ്ധ്യായം III

### ലഘു കൈത്തൊഴിലും വരുമാന സുരക്ഷയും

5. വയോജന ലഘു കൈത്തൊഴിൽ പദ്ധതികൾ.—(a) വലിയ ശാരീരിക അധ്വാനമില്ലാതെ ചെയ്യാവുന്ന പേപ്പർ ബാഗ് നിർമ്മാണം, ചരട് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പൂന്തോട്ട നിർമ്മാണം, ലഘു കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയിൽ വയോജനങ്ങൾക്ക് സൗജന്യ പരിശീലനം നൽകേണ്ടതാണ്.

(b) കുടുംബശ്രീ അല്ലെങ്കിൽ സമാനമായ പ്രത്യേക വയോജന സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് ഈ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

6. വിപണന സൗകര്യവും റോയൽറ്റിയും.—(a) വയോജനങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ന്യായമായ വില ഉറപ്പാക്കി സംഭരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രത്യേക വിപണന കേന്ദ്രങ്ങളോ 'വയോജനച്ചന്തകളോ' ആരംഭിക്കേണ്ടതാണ്.

(b) സർക്കാർ മേളകളിലും പൊതുവിപണികളിലും ഈ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി പ്രത്യേക സ്റ്റാളുകൾ സൗജന്യമായി അനുവദിക്കേണ്ടതാണ്.

## അദ്ധ്യായം IV

### ആരോഗ്യ പരിരക്ഷയും സുരക്ഷിതത്വവും

7. സമഗ്ര ആരോഗ്യ സേവനങ്ങൾ.—(a) എല്ലാ സർക്കാർ ആശുപത്രികളിലും വയോജനങ്ങൾക്കായി പ്രത്യേക മുൻഗണനാ ക്രമവും വാർഡുകളും ഉണ്ടായിരിക്കേണ്ടതാണ്.

(b) 70 വയസ്സിന് മുകളിൽ പരിചരണം ആവശ്യമുള്ള വയോജനങ്ങൾക്ക് സൗജന്യ 'ഹോം കെയർ' (Home Care) മെഡിക്കൽ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഉറപ്പാക്കേണ്ടതാണ്.

(c) വയോജന വിദ്യാലയങ്ങളിൽ ആഴ്ചയിലൊരിക്കൽ സൗജന്യ മെഡിക്കൽ ക്യാമ്പുകളും കൗൺസിലിംഗും ഉറപ്പാക്കേണ്ടതാണ്.

8. സുരക്ഷാ അദാലത്തുകളും നിയമസഹായവും.—(a) ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കൃത്യമായ ഇടവേളകളിൽ ജനമൈത്രി പോലീസ് ഇവരുടെ ക്ഷേമം അന്വേഷിക്കേണ്ടതുമാണ്.

(b) വയോജനങ്ങൾ നേരിടുന്ന അതിക്രമങ്ങൾ, സ്വത്ത് തർക്കങ്ങൾ എന്നിവ വേഗത്തിൽ തീർപ്പാക്കുന്നതിനായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സൗജന്യ നിയമസഹായ കേന്ദ്രങ്ങളും പ്രത്യേക വയോജന അദാലത്തുകളും മാസത്തിലൊരിക്കൽ സംഘടിപ്പിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം (Statement of Objects and Reasons)

കേരളം ഇന്ന് നേരിടുന്ന ഏറ്റവും ഗൗരവമേറിയ ജനസംഖ്യാപരമായ (Demographic) വെല്ലുവിളികളിലൊന്ന് വയോജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന അഭൂതപൂർവ്വമായ വർദ്ധനവാണ്. ദേശീയ ശരാശരിയേക്കാൾ വളരെ വേഗത്തിലാണ് കേരളത്തിൽ പ്രായമായവരുടെ ജനസംഖ്യ ഉയരുന്നത്.

ജനസംഖ്യാ വ്യതിയാനം കണക്കുകളിൽ: 1961-ൽ കേരളത്തിലെ ആകെ ജനസംഖ്യയുടെ വെറും 5.1% മാത്രമായിരുന്ന വയോജനങ്ങൾ (60 വയസ്സിന് മുകളിലുള്ളവർ), 2011-ലെ സെൻസസ് പ്രകാരം 12.6% ആയി ഉയർന്നു. നിലവിലെ പ്രവണതകളും പഠനങ്ങളും അനുസരിച്ച്, 2026 ആയപ്പോൾ കേരളത്തിലെ വയോജന ജനസംഖ്യ ആകെ ജനസംഖ്യയുടെ 16% മുതൽ 18% വരെ ആയി മാറിയിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വയോജനങ്ങളുള്ള സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു.

<u>സാമൂഹിക പശ്ചാത്തലം:</u>—പരമ്പരാഗത കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ചയും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടിയുള്ള യുവതലമുറയുടെ വിദേശ/ അന്യസംസ്ഥാന കുടിയേറ്റവും മൂലം സംസ്ഥാനത്തെ വലിയൊരു ശതമാനം വയോജനങ്ങളും വീടുകളിൽ ഒറ്റപ്പെടലും മാനസിക-ശാരീരിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. തങ്ങൾ സമൂഹത്തിന് അനാവശ്യമായി മാറി എന്ന ചിന്ത പലരിലും കടുത്ത ഡിപ്രഷനിലേക്ക് നയിക്കുന്നു.

പ്രായമായവരെ കേവലം വീടുകളിൽ ഒതുക്കേണ്ടവരല്ല, മറിച്ച് അവരുടെ അനുഭവസമ്പത്ത് സമൂഹത്തിന് വലിയൊരു മുതൽക്കൂട്ടാണ്. കുട്ടികൾ സ്കൂളിൽ പോകുന്നത് പോലുള്ള സജീവമായ ഒരു അന്തരീക്ഷം 'വയോജന വിദ്യാലയങ്ങളിലൂടെ' സൃഷ്ടിക്കുന്നതിലൂടെ അവരുടെ മാനസികാരോഗ്യം വീണ്ടെടുക്കാനും ഏകാന്തത ഒഴിവാക്കാനും സാധിക്കും.

അതോടൊപ്പം, വലിയ ശാരീരിക അധ്വാനമില്ലാത്ത ലഘുവായ കൈത്തൊഴിലുകളിലൂടെ സ്വന്തമായി ചെറിയ വരുമാനം നേടാൻ അവസരമൊരുക്കുന്നത് അവരുടെ ആത്മവിശ്വാസം ഉയർത്തുകയും സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യും. നിലവിലുള്ള നിയമങ്ങൾ പലതും ഇവരുടെ ഇത്തരം മാനസിക-സാമൂഹിക ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ, വയോജനങ്ങൾക്ക് അന്തസ്സും സന്തോഷവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന സമഗ്രമായ ഒരു നിയമനിർമ്മാണം അനിവാര്യമാണ്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ പരിഷ്കരിച്ച ബിൽ അവതരിപ്പിക്കുന്നത്.

## ധനകാര്യമെമ്മോറാണ്ടം (Financial Memorandum)

ഈ ബില്ലിലെ 3, 4, 5, 6, 7 വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം വയോജന വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും ലഘു തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനും വിപണന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനും സംസ്ഥാന സഞ്ചിത നിധിയിൽ (Consolidated Fund) നിന്നും ആവർത്തനച്ചെലവും അനാവർത്തനച്ചെലവും പ്രതീക്ഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഇതിനായി പ്രത്യേക വിഹിതം മാറ്റിവെക്കാവുന്നതാണ്.

### അധികാരപ്രതിപത്തി മെമ്മോറാണ്ടം (Memorandum Regarding Delegated Legislation)

ഈ ആക്ടിലെ വ്യവസ്ഥകൾ, പ്രത്യേകിച്ച് വയോജന വിദ്യാലയങ്ങളുടെ പ്രവർത്തനച്ചട്ടങ്ങൾ, ലഘു തൊഴിൽ ഗ്രൂപ്പുകളുടെ ഘടന എന്നിവ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ നിർമ്മിക്കാൻ സർക്കാരിന് അധികാരം നൽകുന്നതാണ്. ഈ ചട്ടങ്ങൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതും സഭയുടെ അംഗീകാരത്തിന് വിധേയമായിരിക്കേണ്ടതുമാണ്.

കെ. കെ. വത്സരാജ്, എം.എൽ.എ.